**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2058** **01-09-2022 - ൽ മറുപടിയ്ക്ക്**

**ജയിൽ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ ജയിലുകളിലെ ആശുപത്രികളിൽ ആരോഗ്യ വകുപ്പിൽ നിന്നാണോ സ്റ്റാഫിനെ നിയമിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ ജയിലുകളിലെ ആശുപത്രികളിൽ ആരോഗ്യ വകുപ്പിൽ നിന്നാണ് ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെ നിയമിക്കുന്നത്. |
| (ബി) | എങ്കിൽ ജയിലുകളിലെ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ ഏത് വർഷം അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | ജയിൽ വകുപ്പിൽ മെഡിക്കൽ-പാരാ മെഡിക്കൽ ജീവനക്കാർക്ക് പ്രത്യേക സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടില്ല |
| (സി) | ജയിലുകളിലെ ആശുപത്രികളിലേക്ക് ജീവനക്കാരെ നിയമിക്കുന്നത് എത്ര വർഷത്തേക്കാണ്; പ്രസ്തുത ആശുപത്രികളിൽ അഞ്ച് വർഷം പൂർത്തിയാക്കിയ ആരോഗ്യ വകുപ്പ് ജീവനക്കാർ എത്രപേരുണ്ട്; വ്യക്തമാക്കുമോ; | (സി) | ജയിലുകളിലെ ആശുപത്രികളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിന്റെ കാലാവധി ആരോഗ്യവകുപ്പാണ് നിശ്ചയിക്കുന്നത്. 11 ജീവനക്കാർ 5 വർഷം പൂർത്തീകരിച്ചിട്ടുണ്ട്.<br>(തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 2പേരും വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 4 പേരും കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 3 പേരും കണ്ണൂർ വനിതാ ജയിലിൽ ഒരാളും ചീമേനി തുറന്ന ജയിലിൽ ഒരാളും 5 വർഷം പൂർത്തീകരിച്ചിട്ടുണ്ട്.) |
| (ഡി) | ജയിലുകളിലെ ഹെൽത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; ജീവനക്കാർക്ക് ഡ്യൂട്ടി ഓഫും അവധിയും എടുക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | പ്രസ്തുത വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല. ജീവനക്കാർക്ക് ഡ്യൂട്ടി ഓഫും അവധിയും എടുക്കുന്നതിൽ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | 2021 -ന് ശേഷം ജയിലിൽ എത്ര തടവുകാർ മരണപ്പെട്ടു; മരണ കാരണം വ്യക്തമാക്കാമോ; | (ഇ) | 2022 ജനുവരി മുതൽ 2022 ആഗസ്റ്റ് 15ാം തീയതി വരെ മരണപ്പെട്ട ആകെ തടവുകാരുടെ എണ്ണം 32. മരണകാരണമടങ്ങിയ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (എഫ്) | ജയിലുകളിലെ ആശുപത്രികളിൽ വിതരണത്തിന് കൃത്യമായി മരുന്നുകൾ ലഭ്യമാകുന്നുണ്ടോ; | (എഫ്) | ജയിലുകളിലെ ആശുപത്രികളിൽ വിതരണത്തിന് കൃത്യമായി മരുന്നുകൾ ലഭ്യമാകുന്നുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന |

| | | | |
|---|---|---|---|
| | മതിയായ ഫാർമസിസ്റ്റ്, ലാബ് സേവനം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | ലഭ്യമാകാത്ത മരുന്നുകൾ ജയിൽ വകുപ്പ് വിലകൊടുത്ത് വാങ്ങി തടവുകാർക്ക് നൽകി വരുന്നുണ്ട്.<br>തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ ഒരു ഫാർമസിസ്റ്റും ഒരു ലാബ് ടെക്നീഷ്യനും നിലവിലുണ്ട്. തിരുവനന്തപുരം വനിതാ ജയിലിൽ ഒരു ഫാർമസിസ്റ്റും ഒരു നഴ്സിംഗ് അസിസ്റ്റന്റുമുള്ള ഫാർമസി പ്രവർത്തിക്കുന്നുണ്ട്. തുറന്ന ജയിൽ നെട്ടുകാൽത്തേരി, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം വിയ്യൂർ, ജില്ലാ ജയിൽ എറണാകുളം, ഹൈസെക്യൂരിറ്റി പ്രിസൺ വിയ്യൂർ എന്നീ ജയിലുകളിൽ ഫാർമസിസ്റ്റിന്റെ സേവനം ലഭിക്കുന്നുണ്ട്. കണ്ണൂർ സെൻട്രൽ ജയിലിൽ ലബോറട്ടറി സംവിധാനം പ്രവർത്തിക്കുന്നുണ്ട്. തുറന്ന ജയിൽ ചീമേനി, ജില്ലാ ജയിൽ കോഴിക്കോട്, വനിതാ ജയിൽ കണ്ണൂർ എന്നീ ജയിലുകളിൽ റഫറൽ ആശുപത്രികളിലെ ലാബ് സേവനം ലഭ്യമാകുന്നുണ്ട്. |
| (ജി) | ജില്ലാ മെഡിക്കൽ ഓഫീസർമാർ ജയിലുകളിലെ ആശുപത്രികളിൽ സന്ദർശനം നടത്താറുണ്ടോ; അത്തരം ആശുപത്രികളിൽ നേഴ്സിംഗ് ഓഫീസറുടെ സേവനം ലഭ്യമാണോ? | (ജി) | ജില്ലാ മെഡിക്കൽ ഓഫീസർമാർ നേരിട്ടോ ടിയാൻ നിയോഗിക്കുന്ന മറ്റ് മെഡിക്കൽ ഓഫീസർമാരോ ജയിൽ ആശുപത്രിയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സന്ദർശനം നടത്താറുണ്ട്. ജയിലിൽ ആശുപത്രി ഇല്ലാത്ത സ്ഥലങ്ങളിൽ ജയിലിന്റെ അടുത്തുള്ള ആശുപത്രികളിൽ നിന്നുള്ള മെഡിക്കൽ ടീം നിശ്ചിത ഇടവേളകളിൽ ആവശ്യമായ വൈദ്യ സഹായം നൽകുന്നുണ്ട്. തുറന്ന ജയിൽ ചീമേനി, ജില്ലാ ജയിൽ കോഴിക്കോട്, ഹൈസെക്യൂരിറ്റി പ്രിസൺ വിയ്യൂർ എന്നീ ജയിലുകളിൽ നഴ്സിംഗ് ഓഫീസറുടെ സേവനം ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം | തടവുകാരന്റെ പേരും നമ്പരും | സ്ഥാപനത്തിന്റെ പേര് | മരണമടഞ്ഞ തീയതി | മരണകാരണം |
|---|---|---|---|---|
| 1 | UT No. 9310 ജനാർദ്ദനൻ നായർ S/o കൃഷ്ണപിള്ള | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 11/01/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയവെ മരണപ്പെടുകയുണ്ടായി. |
| 2 | C No. 193 സന്തോഷ് S/o രാധാകൃഷ്ണൻ | ജില്ലാ ജയിൽ, വിയ്യൂർ | 11/01/2022 | ശ്വാസ തടസ്സത്തെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണമടഞ്ഞു. |
| 3 | C No. 256 ബാലകൃഷ്ണൻ നായർ S/o അയ്യപ്പൻ നായർ | സെൻട്രൽ ജയിൽ, വിയ്യൂർ | 03/02/2022 | വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണമടഞ്ഞു. |
| 4 | C No. 275 അഭിജിത്ത് @ അപ്പു S/o മുരുകൻ | അതീവ സുരക്ഷാ ജയിൽ, വിയ്യൂർ | 12/02/2022 | തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സയിലിരിക്കെ തൂങ്ങി മരിച്ചു. |
| 5 | C No. 301/2021 ദേവദാസ് S/o രാഘവൻ | സെൻട്രൽ ജയിൽ, കണ്ണൂർ | 23/02/2022 | പനിയെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കവെ മരണപ്പെട്ടു. |
| 6 | C No. 2186 ലംബോധരൻ ആചാരി S/o ഗോപാലനാചാരി | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 22/02/2022 | പരോളിൽ കഴിയവെ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 7 | C No. 1823 തങ്കപ്പൻ ആചാരി S / o കമാരസ്വാമി ആചാരി | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 12/03/2022 | പരോളിൽ കഴിയവെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 8 | UT No. 6322 ശിവരാമകൃഷ്ണൻ S/o ഈശ്വരൻ | ജില്ലാ ജയിൽ, തിരുവനന്തപുരം | 23/03/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| | C No. 4636 | | | |

| | | | | |
|---|---|---|---|---|
| 9 | സുധാകരൻ S/o ഷൺമുഖൻ | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 04/04/2022 | കാൻസർ രോഗത്തെ തുടർന്ന് ചികിത്സയിലിരിക്കെ പരോളിൽ കഴിയവെ മരണമടഞ്ഞു. |
| 10 | C No. 804/16 രാജൻ S/o ലൂയിസ് | സെൻട്രൽ ജയിൽ, കണ്ണൂർ | 16/04/2022 | ശ്വാസ തടസ്സത്തെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണമടഞ്ഞു. |
| 11 | C No. 3016 ഹുസൈൻ S/o സെയ്ദ് മുഹമ്മദ് | തുറന്ന ജയിൽ, നെട്ടുകാൽത്തേരി | 21/04/2022 | കോവിഡ് പരോളിൽ ഇരിക്കവെ മരണമടഞ്ഞു. |
| 12 | RP No.5543 മധു S/o വിജയൻ പിള്ള | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 23/04/2022 | ആൽക്കഹോളിക് വിഡ്രോവൽ, സൈക്യാട്രിക് ഇൽനസ് എന്ന അസുഖത്തെ തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 13 | C No. 3503 പ്രേമജൻ S/o നടേശൻ | തുറന്ന ജയിൽ, നെട്ടുകാൽത്തേരി | 11/05/2022 | പരോളിൽ കഴിയവെ തൂങ്ങി മരിക്കുകയുണ്ടായി. |
| 14 | C No. 2390 ഗിരീഷ് കുമാർ S/o ഗോപാലൻ ആചാരി | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 13/05/2022 | കോവിഡ് സ്പെഷ്യൽ പരോളിൽ കഴിയവെ തൂങ്ങി മരിക്കുകയുണ്ടായി. |
| 15 | RP No.561 ബാലകൃഷ്ണൻ S/o ലക്ഷ്മണൻ | സെൻട്രൽ ജയിൽ വിയ്യൂർ | 29/05/2022 | കിഡ്നി, ക്യാൻസർ. കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 16 | RP No.528/22 മുഹമ്മദ് ഇർഫാൻ S/o ജലീൽ | ജില്ലാ ജയിൽ, കോഴിക്കോട് | 31/05/2022 | മാനസിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും തടവു ചാടുകയും തുടർന്ന് വാഹനാപകടത്തിൽ മരണപ്പെടുകയും ചെയ്തു. |
| 17 | RP No.1281 ജോസ് കുമാർ S/o | സ്പെഷ്യൽ സബ് ജയിൽ, | 7/6/2022 | ജയിലിൽ വെച്ച് തൂങ്ങി മരിക്കാൻ ശ്രമിക്കുകയും ആശുപത്രിയിൽ വെച്ച് |

| | | | | |
|---|---|---|---|---|
| | ദേവദാസ് | തിരുവനന്തപുരം | | മരണപ്പെട്ടുകയും ചെയ്തു. |
| 18 | C No. 4423 പൊടിയൻ S/o ലാസർ | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 10/6/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 19 | C No. 426 മുരുകൻ @ കാള മുരുകൻ S/o കുമാരസ്വാമി ആചാരി | സെൻട്രൽ ജയിൽ, വിയ്യൂർ | 10/6/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 20 | C No. 1911 പൊടിയൻ S/o വേലു | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 7/6/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 21 | C No. 4999 രവീന്ദ്രൻS / o കുട്ടൻ വൈദ്യൻ | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 20/06/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 22 | RP No.107/22 ബിജു S/o വെള്ളു | സെൻട്രൽ ജയിൽ, കണ്ണൂർ | 20/07/2022 | ജയിലിൽ വെച്ച് തൂങ്ങിയ നിലയിൽ കാണുകയും കണ്ണൂർ ജില്ലാ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും മരണം സ്ഥിരീകരിക്കുകയുണ്ടായി. |
| 23 | RP No.706/22 അജിത്ത് കുമാർ S/o മണികണ്ഠൻ ആചാരി | ജില്ലാ ജയിൽ, തിരുവനന്തപുരം | 7/7/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 24 | C No. 243/22 ചെറുങ്ങോരൻ S/o ചേന്നൻ | സെൻട്രൽ ജയിൽ വിയ്യൂർ | 19/07/2022 | ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് ന്യൂമോണിയ ബാധിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 25 | C No. 250/22 ഗോപി S/o കാളിയ മൂർത്തി | സെൻട്രൽ ജയിൽ, വിയ്യൂർ | 7/7/2022 | ജയിലിൽ വെച്ച് തൂങ്ങി മരിക്കാൻ ശ്രമിക്കുകയും തൃശ്ശൂർ ഗവ. ആശുപത്രിയിൽ വെച്ച് മരണപ്പെട്ടുകയും ചെയ്തു. |
| | C No. 2162 | | | തിരുവനന്തപുരം മെഡിക്കൽ |

| | | | | |
|---|---|---|---|---|
| 26 | ശശിധരൻ S/o നാണു | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 28/07/2022 | കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 27 | UT No.9546 ബിനു S/o വിശ്വംഭരൻ | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 5/8/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 28 | C No. 466 ജോസ് @ ദേവസ്യ S/o സ്കറിയ | തുറന്ന ജയിൽ, ചീമേനി | 6/8/2022 | പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 29 | UT No.98/22 രാജൻ S/oഅപ്പുക്കുട്ടൻ | സെൻട്രൽ ജയിൽ വിയ്യൂർ | 6/8/2022 | ക്ഷയരോഗ ബാധിതനായിരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 30 | C No. 3824 ശശിരാജ പണിക്കർ S/o കേശവൻ | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 7/8/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 31 | C No. 3707 സദാശിവൻ S/o പപ്പു | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 13/08/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |
| 32 | C No. 3149 ഗോപി S/o ചിത്തിരൻ | സെൻട്രൽ ജയിൽ, തിരുവനന്തപുരം | 15/08/2022 | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സിയിലിരിക്കവെ മരണപ്പെട്ടു. |

[illegible]